# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2278 12-06-2018-ലെ മറുപടിക്ക്

**ചോദ്യം**
ശ്രീ. കെ. വി.വിജയദാസ്.

**ഉത്തരം**
ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**നോട്ട് നിരോധനം**

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നോട്ട നിരോധനം മൂലം എന്തെല്ലാം കെടുതികളാണ് സംസ്ഥാനം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ? | ഭാരത സർക്കാരിന്റെ വികലമായ സാമ്പത്തിക നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയ നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്തമേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും ഉണർവിന്റെ പാതയിലേക്ക് തിരികെ വന്നുകൊണ്ടിരുന്ന സംസ്ഥാന സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിവിടുകയും ചെയ്തിരുന്നു. നിരോധിച്ച മുഴുവൻ നോട്ടുകളും തിരിച്ചെത്തിയെന്നു മാത്രമല്ല, പുതിയ നോട്ടുകൾ പുറത്തിറക്കുന്നതിനെടുത്ത കാലതാമസം കമ്പോളത്തെ തകർക്കുകയും ഉത്പാദനത്തിൽ ഇടിവുണ്ടാക്കുകയും വ്യാപാരം ശോഷിക്കുകയും കോടിക്കണക്കിന് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുകയും ആത്യന്തികമായി ദേശീയ വളർച്ചയെ തന്നെ പിന്നോട്ടടിക്കുകയും ചെയ്തു.<br>നോട്ട് അസാധുവാക്കൽ വരുമാനത്തിൽ ഏൽപ്പിച്ച ആഘാതത്തിൽ നിന്നും സംസ്ഥാനം ഇനിയും മുക്തമായിട്ടില്ല. പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി തുടങ്ങിയ പല മേഖലകളിലും മേൽ ദുരന്തത്തിന്റെ പ്രതിഫലനങ്ങൾ ഇപ്പോഴും ദൃശ്യമാണ്. ഉയർച്ചയുടെ പാതയിലായിരുന്ന നിർമ്മാണ, ഗതാഗത, സംഭരണ, വ്യാപാര, ഹോട്ടൽ, റിയൽ എസ്റ്റേറ്റ് മേഖലകളുടെ തിരിച്ചുവരവ് ഇനിയും സാധ്യമായിട്ടില്ല. കറൻസിക്കായുള്ള നെട്ടോട്ടത്തിലായിരുന്ന വിനോദസഞ്ചാര മേഖല മടങ്ങിവരവിന്റെ പാതയിലാണ്. സംസ്ഥാനം കൈക്കൊണ്ട ക്രിയാത്മകവും ഫലപ്രദവുമായ നടപടികളിലൂടെ ഒരു പരിധിവരെ നോട്ട് നിരോധനത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനും സംസ്ഥന സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ